(ബി) എങ്കിൽ പ്രസ്തുത അഭിപ്രായത്തോട് സർക്കാർ യോജിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ റവന്യൂ വകുപ്പിൽ നടക്കുന്ന അഴിമതിയും ക്രമക്കേടും അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇതിനായി കർമ്മപദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിജിലൻസ് ഡയറക്ടറുടെ വെളിപ്പെടുത്തൽ അപകമാണ്. അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ഏറ്റവും കൂടുതൽ കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുള്ളത് ഈ ഡിപ്പാർട്ട്മെന്റിൽനിന്നാണെന്നാണ് അദ്ദേഹത്തിന്റെ വെളിപ്പെടുത്തലിന്റെ സാരാംശം.

(ബി) ചോദ്യത്തോട് യോജിക്കുന്നില്ല.

(സി) & (ഡി) ഉദിക്കുന്നില്ല.

കാലവർഷക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലുണ്ടായ നാശനഷ്ടം

68 [168] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മേയ് മാസത്തെ കാലവർഷക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലുണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) തലപ്പിള്ളി താലൂക്കിലെ നാശനഷ്ടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യാൻ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) .. (സി) വിവരം ശേഖരിച്ചുവരുന്നു.

പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരത്തുക

69 [169] *ഡോ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരത്തുക എന്നാണ് പുതുക്കി നിശ്ചയിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ കൃഷിയുടെയും നഷ്ടപരിഹാരത്തിന്റെ പുതിയ നിരക്ക് എത്രയെന്നും, ഇതിനുമുമ്പുണ്ടായിരുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) രോഗകീടബാധമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് ഇപ്പോൾ എന്തു നടപടിയാണ് സ്വീകരിക്കുന്നത്; ഇത്തരം സന്ദർഭങ്ങളിൽ നഷ്ടപരിഹാരം നൽകുന്നതിന് പ്രകൃതിക്ഷോഭത്തിലെന്നതുപോലെ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 6-4-2004-ൽ.

(ബി) നിലവിലുണ്ടായിരുന്ന നിരക്കിന്റെയും വർദ്ധിപ്പിച്ച നിരക്കിന്റെയും പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഈ വകുപ്പിന്റെ കീഴിൽ ഇപ്രകാരമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്ന പദ്ധതി നിലവിലില്ല.

2005 ജൂൺ മാസത്തിലുണ്ടായ അതിവൃഷ്ടിയിലെ നാശനഷ്ടങ്ങൾ

70 [170] *ശ്രീ. കെ. സുധാകരൻ:*

.. *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ജൂൺ മാസത്തിലുണ്ടായ അതിവൃഷ്ടിയിൽ എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായിയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) എത്രപേർ മരണപ്പെട്ടുവെന്നും മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായം നൽകിയെന്നും വ്യക്തമാക്കാമോ;

(സി) എവിടെയെല്ലാം കടന്നാക്രമണങ്ങളുണ്ടായിയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മഴക്കാലത്ത് മത്സ്യബന്ധനത്തിനുപോയ എത്ര പേർ മരിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) മഴയും കടൽക്ഷോഭവുംമൂലം പട്ടിണിയിലായ തീരദേശവാസികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ;

(എഫ്) മഴമൂലം ദുരിതമനുഭവിച്ച ഗിരിജനങ്ങൾക്കുവേണ്ടി എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) .. (എഫ്) വിവരം ശേഖരിച്ചുവരുന്നു.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 71 (169) കാണുക]

പ്രകൃതികേഷാഭ ദുരിതാശ്വാസ സഹായത്തിന് നിലവിലുള്ള സാമ്പത്തിക സഹായ തോതും പുതുക്കിയ നിരക്കും

		നിലവിലുള്ളത് (രൂപ)	വർദ്ധിപ്പിച്ച നിരക്ക് (രൂപ)
1.	നെല്ല് (ഹെക്ടറിന്)	1500	3000
2.	തെങ്ങ് (കുലയ്ക്കാത്തത്)	100	200
3.	തെങ്ങ് (ഒരു വർഷം വരെ പ്രായം)	25	50
4.	വാഴ (കുലച്ചത്)	25	50
5.	വാഴ (കുലയ്ക്കാത്തത്)	12	24
6.	റബ്ബർ (ടാപ്പ് ചെയ്യുന്നത്)	60	120
7.	റബ്ബർ (ടാപ്പ് ചെയ്യാത്ത്, 3 വർഷത്തിൽ കുറയാതെ പ്രായമുള്ളത്)	25	50
8.	കശുമാവ് (കായ്ക്കുന്നത്)	60	120
9.	കശുമാവ് (കായ്ക്കാത്തത്) (3 വർഷത്തിൽ കുറയാതെ പ്രായമുള്ളത്)	20	40
10.	കമുക് (കായ്ക്കുന്നത്)	45	90
11.	കമുക് (കായ്ക്കാത്തത്) (3 വർഷത്തിൽ കുറയാതെ പ്രായമുള്ളത്)	30	60
12.	കൊക്കോ (കായ്ക്കുന്നത്)	30	60
13.	ഇഞ്ചി (10 സെന്റിന്)	50	100
14.	മഞ്ഞൾ (10 സെന്റിന്)	50	100
15.	മരച്ചീനി (25 സെന്റിന്)	50	100
16.	നിലക്കടല (ഹെക്ടറിന്)	750	1500
17.	എള്ള് (ഹെക്ടറിന്)	750	1500
18.	പച്ചക്കറി (10 സെന്റിന്)	50	100

LIBRARY ARCHIVES Kerala Legislative Assembly

		നിലവിലുള്ളത് (രൂപ)	വർദ്ധിപ്പിച്ച നിരക്ക് (രൂപ)
19.	ജാതി മരം ഒന്നിന് (കായ്ക്കുന്നത്)	100	200
20.	ജാതി (കായ്ക്കാത്തത് 3 വർഷത്തിൽ കുറയാതെ പ്രായമുള്ളത്)	50	100
21.	ഗ്രാമ്പൂ (കായ്ക്കുന്നത്)	75	150
22.	ഗ്രാമ്പൂ (കായ്ക്കാത്തത് 3 വർഷത്തിൽ കുറയാതെ പ്രായമുള്ളത്)	25	50
23.	ഏലം (ഹെക്ടറിന്)	1500	3000
24.	വെറ്റില (സെന്റിന്)	150	300
25.	പയർ തുടങ്ങിയ മറ്റു കാർഷിക വിളകൾ (ഹെക്ടറിന്)	350	700
26.	ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങൾ (10 സെന്റിന്)	50	100
27.	കരിമ്പ് (ഹെക്ടറിന്)	1250	2500
28.	പൈനാപ്പിൾ (10 സെന്റിന്)	125	250
29.	പുൽക്കൃഷി (ഗിനിപ്പുല്ല്, കോങ്കോ സിഗ്നൽ, നേപ്പിയർ പുല്ല്, മെയ്സ് തുടങ്ങിയവ) (10 സെന്റിന്)	30	60
30.	മൾബറി (50 സെന്റിന്)	125	250
31.	പുകയില കൃഷി (10 സെന്റിന്)	300	600
32.	പരുത്തി (10 സെന്റിന്)	100	200

LIBRARY ARCHIVES Kerala Legislative Assembly